പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5528

01.07.2014 ൽ
മറുപടിയ്ക്ക്

## പോസിറ്റീവ് കേരള മിഷൻ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഹൈബി ഈഡൻ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പോസിറ്റീവ് കേരള മിഷൻ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) മന:ശക്തിയുടെയും വ്യക്തിത്വവികസനത്തിന്റെയും അനന്തമായ സാധ്യതകൾ തുറന്നു നൽകി, ഉയർന്ന ജീവിതം വേണമെന്ന് ആഗ്രഹിക്കുന്നവർക്കായി സമഗ്രമായ ഒരു വിജയപദ്ധതിയാണ് പോസിറ്റീവ് കേരള മിഷൻ. ജീവിതവിജയത്തെ കുറിച്ച് തികച്ചും പോസിറ്റീവായ ദർശനം പകർന്നു നൽകുക, വ്യക്തിജീവിതം, കുടുംബജീവിതം, തൊഴിൽ ജീവിതം, സാമൂഹിക ജീവിതം, സാമ്പത്തിക ജീവിതം എന്നീ സുപ്രധാനമായ മേഖലകൾക്ക് ശക്തി പകരുക, ഓരോരുത്തരുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം, ഭദ്രമായ കുടുംബ ബന്ധം, കരിയറിന്റെ വിവിധ ഘട്ടങ്ങൾ, സുതാര്യവും അന്യോന്യാശ്രിതവുമായ സൗഹൃദബന്ധം, വളരുന്ന സമ്പത്ത് മുതലായവയിൽ മാനസിക ശാക്തീകരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിയത്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കാമോ ; | (സി) | സംസ്ഥാനത്തെ 10 ജില്ലകളിൽ ഇതോടനുബന്ധിച്ചുള്ള പരിപാടികൾ സംഘടിപ്പിച്ചു. മന:ശാക്തീകരണ പരിശീലന പരിപാടികൾക്ക് അന്താരാഷ്ട്ര മന:ശക്തി പരിശീലകനും ഗ്രന്ഥകാരനുമായ ഡോ.പി.പി.വിജയനാണ് നേതൃത്വം നൽകിയത്. വ്യക്തിവികസനം, മോട്ടിവേഷൻ, ശുഭചിന്തകൾ, പോസിറ്റീവ് മനോഭാവം എന്നീ വിഷയങ്ങളിൽ ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പരിപാടികളുമായി ആരെല്ലാമാണ് സഹകരിച്ചത് ; വിശദാംശങ്ങൾ നൽകുമോ ? | ഡി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലൈഫ് ലൈൻ ഫൗണ്ടേഷനുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ